# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2964 — 07.02.2018-ൽ മറുപടിക്ക്

## കള്ളിക്കാട് പഞ്ചായത്തിലെ വാവോട് സ്കൂളിൽ യു.പി. വിഭാഗം അനുവദിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) നെയ്യാറ്റിൻകര ഡി.ഇ.ഒ. യുടെ കീഴിൽ കള്ളിക്കാട് പഞ്ചായത്തിൽ വാവോട് യു.പി. വിഭാഗം ഇല്ലാതെ ഹൈസ്കൂളും എൽ.പി. സ്കൂളും മാത്രം പ്രവർത്തിക്കുന്നുണ്ടോ; | (എ) ഉണ്ട്. രണ്ട് സ്കൂളും പ്രത്യേകമായാണ് പ്രവർത്തിക്കുന്നത്. |
| (ബി) നെയ്യാറ്റിൻകര ഡി.ഇ.ഒ. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 09.05.2006 – ൽ പുറപ്പെടുവിച്ച സ.ഉ. (സാധാ) 1903/06/ പൊ.വി.വ. ഉത്തരവിൽ, വാവോട് ഒരു മലയോര ഗ്രാമമാണെന്നും നല്ല റോഡുകളും പൊതു ഗതാഗത സൗകര്യവും കുറവായ പ്രദേശമായതിനാൽ 3 കി.മീ. അധികം ദൂരത്തുള്ള മൈലക്കര യു.പി. സ്കൂളിൽ ഇവിടെ നിന്നും കുട്ടികൾക്ക് എത്തിച്ചേരുവാൻ ബുദ്ധിമുട്ടാണെന്നും വ്യക്തമാക്കിയിട്ടുണ്ടോ;<br><br>(സി) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്ട് 2009 – ലെ സെക്ഷൻ 6 ഉം 8 (ബി) യും കേരള ചട്ടങ്ങളിലെ ചട്ടം 2(ഒ), (റ്റി) യും പ്രകാരവും വാവോട് ഒരു യു.പി. സ്കൂൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ഡി) വാവോട് പോലെ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ മൂന്ന് കി.മീ. ദൂര പരിധിയിൽ ഇളവു വരുത്തി പ്രാഥമിക വിദ്യാഭ്യാസ സൗകര്യം നൽകുന്നതിന് മേൽ ചട്ടം 6 (3) പ്രകാരം നടപടി സ്വീകരിക്കുമോ; | (ബി), (സി), (ഡി), (ഇ) പുതുതായി സ്കൂളുകൾ അനുവദിക്കുകയോ/ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം V ചട്ടം 2,2 എ യിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട റിട്ട് ഹർജി 3060/14 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിലെ 18.06.2015 – ലെ വിധിന്യായ പ്രകാരം ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി, വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർ 25.05.2016 – ലെ അസാധാരണ ഗസറ്റ് 985 - ാം നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രദേശത്തെ 14 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്തതിന്റെ അടിസ്ഥാനത്തിൽ വിഷയം വിശദമായി |

| | | |
|---|---|---|
| (ഇ) | സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലുള്ള വാവോട് പ്രദേശത്തെ കുട്ടികളെ തങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് ഇത്രയും ദൂരം സഞ്ചരിക്കുവാൻ നിർബന്ധിതരാക്കുന്നത്, വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സെക്ഷൻ 3,6,8(ബി) എന്നിവയുടെ ലംഘനമാകുമോയെന്നറിയിക്കുമോ? | പരിശോധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഏറ്റവും അവശ്യം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ 4 പ്രദേശങ്ങൾ 20.05.2017 - ലെ അസാധാരണ ഗസറ്റ് നമ്പർ 1057, 10.10.2017 – ലെ അസാധാരണ ഗസറ്റ് നമ്പർ 2192 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 സ്ഥലങ്ങളിലെ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ തൊട്ടടുത്ത സ്കൂളുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും 09.06.2017 – ലെ സ.ഉ.(സാധാ) നമ്പർ 1813/2017/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>വാവോട് ഹൈസ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്ത് ഒരു യു.പി. വിഭാഗം തുടങ്ങുന്നതിനായുള്ള വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിലും പ്രസ്തുത പ്രദേശത്തിന്റെ സമീപത്ത് മൈലക്കര യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നതിനാലും വിദ്യാർ-ത്ഥികളുടെ കുറവ് കാരണം മൈലക്കര യു.പി. സ്കൂളിൽ തസ്തിക നഷ്ടപ്പെട്ട് അധ്യാപകർ വിവിധ സർക്കാർ സ്കൂളുകളിൽ സംരക്ഷിതാധ്യാപക-രായി തുടരുന്നതിനാലും വാവോട് ഹൈസ്കൂളിൽ യു.പി. വിഭാഗം ആരംഭിക്കണമെന്ന ആവശ്യം നിരസിക്കുകയുണ്ടായി. അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ വീണ്ടും നയപരമായ തീരുമാനമെടുക്കുമ്പോൾ ബന്ധപ്പെട്ടവർക്ക് സർക്കാരിനെ സമീപിക്കാവുന്നതാണ്. |

Rema. V

**സെക്ഷൻ ഓഫീസർ**